കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2552/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

തീയതി:18.2.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2552/2018

തീയതി : 18.2.2019

## തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.07.2017മുതൽ 11.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **33** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **17** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സാജൻലാൽ എസ്.ജെ. ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 12.11.2018 മുതൽ 21.11.2018 വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയകുമാരി കെ.ആർ. (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ))<br>ശ്രീ.പ്രേംനാഥ് ജി.കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി. ബിന്ദുലത. ബി.പി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. അരുൺ സി.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. രാജു എസ്., ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. മല്ലികാ വിജയൻ, 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജയകുമാർ, 01.04.2017 മുതൽ 08.11.2017 വരെ<br>ശ്രീമതി. ജയന്തി എസ്, 09.11.2017 മുതൽ 18.01.2018 വരെ<br>ശ്രീ. അശോക് കുമാർ ആർ, 19.01.2018 മുതൽ 21.01.2018 വരെ<br>ശ്രീമതി. കുമാരി വിമലാംബികാദേവി പി, 22.01.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി പ്രിയങ്ക വി.എസ് | 01.04.2017 മുതൽ 23.10.2017 വരെ |
| | ശ്രീമതി ദീപ ബി.ആർ | 24.10.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, | ശ്രീമതി കുമാരി ഷീല എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. ഏവിസ് ഫിലിപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സേതുമാധവൻ ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി വിജയറാണി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ II | ശ്രീമതി ശ്രീദേവി ഐ. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. III | ശ്രീമതി ജീന എ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. സന്തോഷ് കുമാർ എസ്. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ബിന്ദു | 01.04.2017 മുതൽ 15.09.2017 വരെ |
| | ശ്രീ. കൃഷ്ണകുമാർ | 16.09.2017 മുതൽ 22.11.2017 വരെ |
| | ശ്രീമതി മീനാകുമാരി വി. | 23.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ദീപ ഐ. | 01.04.2017 മുതൽ 18.06.2017 വരെ |
| | ശ്രീമതി സുനി ബി.പി | 19.06.2017 മുതൽ 09.11.2017 വരെ |
| | ശ്രീ. അശോക് കുമാർ | 10.11.2017 മുതൽ 22.01.2018 വരെ |
| | ശ്രീ. പ്രേം നിർമൽ എസ്.പി. | 23.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **- 1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം **- 2** | | |
| 13 | ബഡ്ജറ്റ് | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 15 | D&o ലൈസൻസ് - അപാകതകൾ | 2-3 | |
| 16 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 2-4 | |
| 17 | ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ | 2-5 | |
| 18 | എം.എൻ.ആർ.ഇ.ജി.എസ്. വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 2-6 | |
| 19 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല | 2-7 | |
| | ഭാഗം**-3** | | |
| 20 | ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസപ്പെടുത്തുന്നു | 3-1 | |
| 21 | തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 10,76,700/- രൂപ ക്രമീകരിച്ചിട്ടില്ല | 3-2 | |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-3 | |
| 23 | യാത്രാബത്ത അനുവദിച്ചത് ചട്ടവിരുദ്ധം- ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 3-4 | |

| | | | |
|---|---|---|---|
| 24 | വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്യതിനു തുക അനുവദിച്ചു- 12,114/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-5 | |
| 25 | അവഗണിക്കപ്പെട്ട കാർഷിക മേഖല | 3-6 | |
| 26 | ലൈഫ് മിഷൻ ഭവനപദ്ധതി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-7 | |
| 27 | വിദ്യായാത്ര – പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-8 | |
| 28 | ചെലവ് രേഖകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-9 | |
| 29 | അർഹത തെളിയിക്കുന്ന രേഖ ഹാജരാക്കാത്തവർക്കും ലാപ്ടോപ്പ് നൽകി | 3-10 | |
| 30 | വൃദ്ധർക്ക് കട്ടിൽ വാങ്ങിനൽകൽ–നാലുകട്ടിലുകളുടെ വില തടസ്സപ്പെടുത്തുന്നു. | 3-11 | |
| 31 | വികസനഫണ്ടിൽ ചെലവില്ലെങ്കിലും സെക്രട്ടറി കട്ടിൽ വിതരണം ചെയ്തു-തുടർ അന്വേഷണം അനിവാര്യം | 3-12 | |
| 32 | പാലിയേറ്റിവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല- 1,16,764/- രൂപ തടസ്സം | 3-13 | |
| 33 | അംഗീകാരമില്ലാത്ത യാത്രാചെലവ് 19,500/- രൂപ തടസ്സം | 3-14 | |
| 34 | സ്കൂളുകളിലെ പ്രഭാത ഭക്ഷണ വിതരണം – മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിക്കണം | 3-15 | |
| | ഭാഗം **- 4** | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 42 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.3.2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 46,20,41,354/- രൂപ വരവും 46,36,20,595/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 11,74,34,112/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 11,32,26,405/- രൂപയുമാണ്. (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.07.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 10.07.2018, 11.07.2018 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.4/1781 /2018 തീയതി 04.09.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 7996736.00 |
| വരവ് | : | 109437376.00 |
| ആകെ | : | 117434112.00 |
| ചെലവ് | : | 113226405.00 |
| നീക്കിയിരിപ്പ് | : | 4207707.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22842254 | 22842254 | 22842254 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 12477628 | 12477628 | 12477628 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23065247 | 23065247 | 23065247 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2895994 | 2895994 | 2895994 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12893229 | 12893229 | 12893229 | 0 | 100% |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 1543953 | 1543953 | 1543953 | 0 | 100% |
| എം.എൻ.ആർ. ഇ.ജി.എസ് | 111628 | 1516350 | 1627978 | 1368871 | 259107 | 93% |
| ബി ഫണ്ട് | 0 | 1024080 | 1024080 | 1024080 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4129743 | 14910283 | 19040026 | 17847635 | 1192391 | |
| ലിറ്ററസി | 2258 | 555 | 2813 | 0 | 2813 | 0% |
| എസ്.എസ്.എ. | 8560 | 328 | 8888 | 0 | 8888 | 0% |
| ഡിസ്ട്രസ്സ് റിലീഫ് | 24196 | 174920 | 199116 | 151294 | 47822 | 76% |
| എസ്.ബി.റ്റി. | 257396 | 9587 | 266983 | 0 | 266983 | 0% |
| ഇ പേയ്മെന്റ് | 0 | 30977 | 30977 | 0 | 30977 | 0% |
| റ്റി.എസ്.ബി. വിഴിഞ്ഞം | 0 | 131338 | 131338 | 403075 | -271737 | |
| കൃഷി തനത് | 166618 | 595421 | 762039 | 176878 | 585161 | |
| സിൻഡിക്കേറ്റ് - തനത് | 3169995 | 15116903 | 18286898 | 16409925 | 1876973 | |
| ക്യാഷ് | 126342 | 208329 | 334671 | 126342 | 208329 | 29% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 2091651 | 1 | 938390 | 4 | 4 | 11 |
| 2 | ഐ.സി.ഡി.എസ്. | 7 | 4612423 | 0 | 2658507 | 4 | 3 | 0 |
| 3 | എ.ഇ. | 192 | 68259195 | 108 | 32813041 | 13 | 71 | 47 |
| 4 | വി.ഇ.ഒ. | 10 | 19263000 | 7 | 18418400 | 1 | 2 | 70 |
| 5 | വെറ്ററിനറി സർജൻ | 7 | 15713700 | 1 | 7661000 | 6 | - | 14 |
| 6 | അസി. സെക്രട്ടറി | 7 | 3873000 | 4 | 2354480 | 2 | 1 | 57 |
| 7 | സെക്രട്ടറി | 25 | 20915287 | 9 | 9609670 | 2 | 14 | 36 |
| 8 | എം.ഒ. പി.എച്ച്.സി. | 10 | 4546250 | 8 | 3833160 | 2 | - | 80 |
| 9 | എച്ച്.എം. | 5 | 2831000 | 2 | 1483576 | 2 | 1 | 40 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1410300 | 2 | 1046637 | - | - | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 111628 | 1516350 | 1627978 | 1368871 | 259107 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19679000 | 19679000 | 19679000 | 0 |
| ആകെ | 111628 | 21195350 | 21306978 | 21047871 | 259107 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 364080 | 631 |
| കർഷക തൊഴിലാളി പെൻഷൻ | 6282300 | 720 |
| വിധവാപെൻഷൻ | 24868100 | 2271 |
| വാർദ്ധക്യകാല പെൻഷൻ | 46855500 | 4649 |
| വികലാംഗ പെൻഷൻ | 6550300 | 615 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 630000 | 21 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 703200 | 61 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

12.11.2018 രാവിലെ 11.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,640/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

**I)** പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | പ്രതിമാസ മീറ്റിംഗുകൾ കൂടുന്നില്ല |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം ഇല്ല. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>ഉദാ- ട്രേഡേഴ്സ് ലിസ്റ്റ്, വാഹനങ്ങളുടെ മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ |
| ഫ്രണ്ട് ഓഫീസ് | | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടുണ്ട് |

| | | |
|---|---|---|
| 10 | സൌജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് |
| 11 | വില ഈടാക്കുന്നവയുടെ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട്. എന്നാൽ പി.ആർ. പരിപാലിക്കുന്നില്ല. |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

**ii)** സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013 /പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കിയതായി ഓഡിറ്റ് അന്വേഷണത്തിന് (നം 2/12.11.18) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

| ക്രമ നം. | സേവനങ്ങളുടെ വിവരം | സമയപരിധി | 2017-18 വർഷം ലഭിച്ച അപേക്ഷകൾ | സമയപരിധിക്കുള്ളിൽ തീർപ്പാ | തീർപ്പാക്കൽ % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ക്കിയവ | |
| 1 | ജനന രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | (1) ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ടു ലഭിക്കുന്ന ദിവസം (ആശുപത്രി, കിയോസ്ക് സൗകര്യം ഉളള സ്ഥലങ്ങളിൽ മാത്രം)<br>2) മറ്റുളളവ 7 പ്രവൃത്തി ദിവസം | 26 | 26 | 100 |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്യപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 7പ്രവൃത്തി ദിവസം<br>(അനുമതി ലഭ്യമാക്കേണ്ട അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭ്യമായതിനുശേഷം 7 പ്രവൃത്തി ദിവസം. | - | - | - |
| 3 | മരണ രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 15 പ്രവർത്തി ദിവസം(ആശുപത്രി, കിയോസ്ക് സൗകര്യം ഉളള സ്ഥലങ്ങളിൽ മാത്രം)<br>(1) വീട്ടിലും സ്ഥാപനങ്ങളിലും വച്ചുളള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം.<br>(2) ആശുപത്രിയിൽ വച്ചു നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം | 257 | 257 | 100 |
| 4 | ജനനം/മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | - | - | - |

| | | | | | |
|---|---|---|---|---|---|
| 5 | ജനന/മരണ സർട്ടിഫിക്കറ്റ് | (1) 12ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം<br>(2) മറ്റുള്ളവ 7 പ്രവൃത്തി ദിവസം | -<br>26 | -<br>26 | 100 |
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | 15 പ്രവർത്തി ദിവസം | NIL | | |
| 7 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ചട്ടങ്ങൾക്ക് വിധേയമായി) | 30 പ്രവൃത്തി ദിവസം | NIL | | |
| 8 | വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു, വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം | NIL | | |
| 9 | വിവാഹം താമസിച്ച രജിസ്റ്റർ ചെയ്യൽ<br>30 ദിവസത്തിന് ശേഷമുള്ളവ (1955-ലെ ഹിന്ദു വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ | അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസം | Nil | | |
| 10 | വിവാഹ സർട്ടിഫിക്കറ്റ് (1955-ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | NIL | | |
| 11 | വിവാഹ രജിസ്ട്രേഷൻ (2008 -ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷൻ) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 12 | വിവരം ലഭ്യമല്ല | |
| 12 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | 289 | വിവരം ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| 13 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | 1210 | 1210 | 100 |
| 14 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | 1490 | 1490 | 100 |
| 15 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം (2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | വിവരം ലഭ്യമായില്ല | വിവരം ലഭ്യമായില്ല | |
| 16 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേൺതില്ലാത്ത കേസുകളിൽ 30 ദിവസം (2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ / വാങ്ങേൺ സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | വിവരം ലഭ്യമായില്ല | വിവരം ലഭ്യമായില്ല | |

**III.** <u>വാഹനം / ലോഗ് ബുക്ക് പരിപാലിക്കുന്നതിലെ അപാകങ്ങൾ</u>

- ആറുമാസത്തിലൊരിക്കൽ നടത്തേണ്ട ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല.
- റിപ്പയർ രജിസ്റ്റർ, മെയിൻറനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

- ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കണം എന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

**IV.** വരവ്, ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

- ബാങ്കിലെ പണം ചെസ്റ്റിലെ പണം എന്നിവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല.
- ഡ്യൂപ്ലിക്കേറ്റ് പെയ്മെൻറ് തടയുന്നതിനാവശ്യമായ മുൻകരുതലുകൾ എടുത്തിട്ടില്ല .
- അപ്ഡേറ്റ് ചെയ്ത അക്കൗണ്ടിങ് മാനുവൽ പഞ്ചായത്തിൽ ലഭ്യമല്ല.
- അഡ്ജസ്റ്റ്മെന്റ് എൻട്രികൾ ശരിയായി അംഗീകരിച്ച സൂക്ഷിക്കുന്നില്ല .
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല .
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്താതെ നികുതി ലഭിക്കുമെന്ന പ്രതീക്ഷയിൽ പഞ്ചായത്ത് മുന്നോട്ടുപോകുന്നു .
- നികുതി പിരിവിനെ സംബന്ധിച്ച് യാതൊരുവിധ ട്രെൻഡ് അനാലിസിസ് പഞ്ചായത്ത് നടത്തുന്നില്ല. സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല .
- ഇൻവോയിസ് റദ്ദാക്കി സൂക്ഷിക്കുന്നില്ല .
- സർവീസ് ബുക്കുകളുടെ പരിശോധന കൃത്യമായി നടത്തുന്നില്ല .
- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പ വരുത്തുന്നില്ല.

**V.** ജീവനക്കാരുടെ നിയമനം - കരാർ യഥാവിധി ചമച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലുൾപ്പെടെ നിയമിക്കപ്പെട്ടിട്ടുള്ള കരാർ/ദിവസവേതനക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് സ്ഥാപനവുമായി വ്യക്തമായ കരാർ സ്ഥാപിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്വിമ്മിംഗ് പൂളിൽ തൻവർഷം 13 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്കും മറ്റു കൈമാറി കിട്ടിയ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമായ കരാർ/ദിവസവേതന ജീവനക്കാരും സ്ഥാപനവുമായി കരാർ സ്ഥാപിച്ചിട്ടില്ല. എം.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ മാത്രമേ യഥാവിധി കരാർ പുതുക്കുന്നുള്ളൂ.

ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2018 | 01.09.2018 മുതൽ 30.09.2019 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2018 | 2013-14 മുതൽ 2017-18 വരെ | 13.08.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

- തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പ തുക – അക്കൗണ്ട്സിലെ തുകയും ഓഫീസ് രേഖകളിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- B9 ഷെഡ്യൂളിലെ 350800299 എന്ന ഹെഡിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന 1,29,000/- രൂപയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.
- 320200399 ഹെഡിൽ അവശേഷിക്കുന്ന 1,35,150/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
- കൃത്യമായ രേഖകളില്ലാതെ 140700199 എന്ന ഹെഡിൽ 1,06,055/- രൂപ വരവായി ഉൾപ്പെടുത്തി.
- 180800199 എന്ന ഹെഡിൽ സൂചിപ്പിച്ചിരിക്കുന്ന വരവിനെക്കുറിച്ച് രേഖകൾ ലഭ്യമാക്കിയില്ല.
- കൃത്യമായ രേഖകൾ ഇല്ലാതെ 5,26,947/- രൂപ ചെലവായി കാണിച്ചിരിക്കുന്നു .
- ബി രണ്ട് ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ ഫണ്ടിൽ 87,466/- രൂപ അവശേഷിക്കുന്നു എന്നാൽ ഇതുമായി ബന്ധപ്പെട്ട് ബാങ്ക് അക്കൗണ്ടിൽ 47,822/- രൂപ മാത്രമാണ് ബാക്കിയുള്ളത് വിശദീകരണം നൽകേണ്ടതാണ്.
- 2016 17 വാർഷിക ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് ഷെയർ നീക്കിയിരിപ്പ് - 5 ലക്ഷം രൂപ , 2017 18 വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് - 15,95,125/- , ചെലവ് -9,41,991/- നീക്കിയിരുപ്പ് -14,23,134/-. എന്നാൽ വാർഷിക ധനകാര്യ പത്രിക 18,22,941/- രൂപ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നു.
- ജില്ലാ പഞ്ചായത്ത് ഷെയറിന്റെ തൻവർഷ വരവും ചെലവും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ചെലവ് പത്രികയിലെ ചെലവും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) ബജറ്റ് തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് വിവരിക്കുന്നു.

പള്ളിച്ചൽ പഞ്ചായത്തിലെ 2017-18 ബഡ്ജറ്റ് 23.03.2017 പാസാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപോസൽ സമർപ്പിച്ചിട്ടില്ല.
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല.
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക നൽകുകയോ ചെയ്തിട്ടില്ല.
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്യതിട്ടില്ല.

സ.ഉ. (സാധാ.) നം. 3291/2016/ത.സ്വ.ഭ.വ. തീയതി 2.12.2016ൽ വിവരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**(എ) വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി**

കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തുന്നത്. എന്നാൽ ഇവിടെ മുൻവർഷങ്ങളിൽ സാധാരണയായി ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കി.

| ഇനം | 2015-16ലെ വരവ് | 2016-17ലെ ബഡ്ജറ്റ് തുക | 2016-17ലെ വരവ് | 2017-18 ലെ ബഡ്ജറ്റ് തുക |
|---|---|---|---|---|
| വസ്തുനികുതി | 5747795 | 7880000 | 5434952 | 9800000 |
| വാടക | 286300 | 2150000 | 169870 | 3060000 |
| ഡി&ഒ | 212625 | 175000 | 152273 | 700000 |
| പലിശ | 12000 | 15000 | 6318 | 500000 |

**(ബി) പരിധിയിൽ കൂടുതൽ സേവിങ്സ്**

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | സേവിങ്സ് (%) |
|---|---|---|---|
| കൃഷി | 23 | 11.4 | 50.4 |
| Sanitation | 24 | 9.92 | 58.6 |
| Program for aged | 7 | 3 | 57 |
| Welfare of destitute | 1.18 | 0.5 | 42 |
| വനിതാ ക്ഷേമ പദ്ധതി | 10 | - | 100 |

**(സി)** വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | അധികമായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| Ads and publicity | 1.5 | 2.02 | 0.52 |
| Rent | 0.75 | 0.81 | 0.06 |
| ക്ഷീര വികസനം | - | 3 | 3 |
| Animal husbandry | 39 | 77 | 38 |
| Ssa | 10 | 15 | 5 |
| Arts | 0.95 | 1.5 | 0.55 |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെക്കാൻ പാടുള്ളതല്ല.

ഡി) ബജറ്റ് പുതുക്കൽ നടപടിക്രമങ്ങൾ ചട്ടവിരുദ്ധം.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 72 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ പള്ളിച്ചൽ പഞ്ചായത്തിൽ പുതുക്കിയ ബജറ്റ് അടുത്ത വർഷത്തെ ബജറ്റിന്റെ ഭാഗമായാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതു ചട്ട വിരുദ്ധമാണ്. ആയതിനാൽ പുതുക്കിയ ബജറ്റ് അംഗീകരിക്കാൻ കഴിയില്ല.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 , കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ 1996 എന്നീ വകുപ്പുകളും ചട്ടങ്ങളും അനുസരിച്ചാണ് തൊഴിൽ നികുതി ഈടാക്കുന്നത്. രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 രണ്ടാം പാദം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- കെഎസ്ഇബി ഇലക്ട്രിക്കൽ സബ് ഡിവിഷൻ നരുവാമൂട്
- വിനോദ് ഗ്യാസ് ഏജൻസി
- രമ്യ കല്യാണമണ്ഡപം
- എം എൻ ആർ ജി എസ്
- ട്രിനിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇടയ്ക്കോട്
- ബിവറേജസ് കോർപ്പറേഷൻ
- മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് കൊടിനട
- യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്
- രാജധാനി എൻജിനീയറിങ് കമ്പനി

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരുമാനം നഷ്ടമാകാതിരിക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി യഥാസമയം ഒടുക്കു

വരുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതും ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 D&o ലൈസൻസ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ച അപ്രകാരം തയ്യാറാക്കിയ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഡി & ഒ ലൈസൻസ് നൽകുന്നത്. ആയതിന് ചട്ടപ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്.

*ഡി & ഒ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.*

(a) ലൈസൻസ് നൽകിയപ്പോൾ താഴെപ്പറയുന്നവരിൽ നിന്നും മെഷീൻ ഫീസ് ഈടാക്കിയില്ല

| പേര് | യന്ത്രത്തിന്റെ പവർ (HP) | ഈടാക്കേണ്ട തുക |
|---|---|---|
| ഗ്രേസ് സർവീസ് സെൻറർ | 10 | 100 |
| ഫർണിച്ചർ സെയിൽ | 4 | 50 |
| ശ്രീകുമാർ ബേക്കറി products | 3 | 50 |
| രാജധാനി എൻജിനീയറിങ് കമ്പനി | 32 | 400 |
| Naveen ഫിലിപ്പ് | 44 | 500 |
| റോയ് രമേശ് ഇലക്ട്രോ പ്ലേറ്റ് യൂണിറ്റ് | 9 | 100 |
| പ്രഭാ ഹോളോബ്രിക്സ് യൂണിറ്റ് | 8 | 100 |

(b) ഷീജ ചാരിറ്റബിൾ സാമില്ലിന് ലൈസൻസ് അനുവദിച്ചപ്പോൾ ഫോറസ്റ്റ് അധികൃതരുടെ നിരാക്ഷേപ പത്രം വാങ്ങിയില്ല.

(c) പൗൾട്രി ഫാം, കാറ്റിൽ ഫാം എന്നിവയ്ക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് നിയമമനുസരിച്ചുള്ള ലൈസൻസ് അനുവദിച്ചില്ല.

(d) താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിരാക്ഷേപ പത്രത്തിൻറെ കാലാവധി പരിഗണിക്കാതെ മുഴുവൻ കാലയളവിലേക്ക് ലൈസൻസ് അനുവദിച്ചു .

- സുകുമാരക്കുറുപ്പ് ഹോളോബ്രിക്സ് യൂണിറ്റ് (മലിനീകരണ നിയന്ത്രണ ബോർഡ് -28. 2.2018 )
- ശ്രീജിത്ത് മാതാ സാമിൽ (മലിനീകരണ നിയന്ത്രണ ബോർഡ് 30.9.2017 )
- അമൽ ഹോളോബ്രിക്സ് യൂണിറ്റ് - (മലിനീകരണ നിയന്ത്രണ ബോർഡ് 30.11.2017 )
- രാജധാനി എൻജിനീയറിങ് കമ്പനി (മലിനീകരണ നിയന്ത്രണ ബോർഡ് 31.12.2017)
- റോയി രമേശ് ഇലക്ട്രോ പ്ലേറ്റ് യൂണിറ്റ് (മലിനീകരണ നിയന്ത്രണ ബോർഡ് 30.11.2017 )
- വിനോദ് ഗ്യാസ് ഏജൻസി ലൈസൻസ് (എക്സ്പ്ലോസീവ് ലൈസൻസ് 30.9.2017 )

(e) പോത്തൻസ് സർവീസ് സെൻറർ, anil lathe works, അരുൺദേവ് poultry farm എന്നീ സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. മാസംതോറുമുള്ള റിവ്യൂവിൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് - അപാകങ്ങൾ

ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

- അംഗീകരിച്ച പ്ലാൻ, പഴയ പെർമിറ്റ് എന്നിവയില്ലാതെ ക്രമവൽക്കരണം ചെയ്തിരിക്കുന്നു.

- താഴെപ്പറയുന്ന ഫയലുകളിൽ നമ്പർ അനുവദിച്ചപ്പോൾ രാജിയാക്കൽ ഫീസ് ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 13(4) പ്രകാരം പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ | പെർമിറ്റ് ഏരിയ | നിർമ്മിച്ച ഏരിയ | അധികം ഏരിയ | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | ഗിരിജാകുമാരി | 22/167A | 159 | 177 | 18 | 270 |
| 2 | സന്തോഷ് | 5/309 A | 145.88 | 169.82 | 23.94 | 359 |
| 3 | അനൂപ് | 13/622A | 141.53 | 146.77 | 5.24 | 78 |
| 4 | ഉണ്ണികൃഷ്ണൻ | 1/106 A,B | 117.82 | 126.23 | 8.41 | 126 |
| 5 | മുരളീധരൻ | 17/41 A,B | 81.95 | 114.18 | 32.23 | 676 |
| 6 | Shahiben | 10/61 A | 212.8 | 223.28 | 10.48 | 157 |
| 7 | Majuma | 147 | 102.63 | 112.32 | 9.69 | 145 |
| 8 | പ്രസാദ് | 2/350 A | 186.7 | 199.9 | 13.2 | 198 |
| 9 | ബിജു | 12/56 A | 188.3 | 225.15 | 36.85 | 552 |
| 10 | ഷിജു | 13/225 A | 73.6 | 90.69 | 17.09 | 256 |
| 11 | സജീവ് കുമാർ | 3/148 A | 193.94 | 203.3 | 9.36 | 140 |
| 12 | ശശി കുമാർ | 22/236 A | 173.8 | 222 | 48.2 | 723 |
| 13 | ശ്രീദേവി | 15/318 A,B | 197.47 | 284.25 | 86.78 | 1822 |
| 14 | ഗോപാലകൃഷ്ണൻ | 1/106 A,B | 117.82 | 126.23 | 8.48 | 176 |
| ആകെ | | | | | | **5678** |

ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും ഗ്രാമപഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പളളിച്ചൽ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ദുരിതാശ്വാസ ഫണ്ട് (അക്കൗണ്ട് നം.5932) രൂപീകരിച്ചിട്ടുണ്ട്. തൻവർഷം ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച വരവ് 1,74,920/- രൂപയും, നിധിയിൽ നിന്നുളള ചെലവ് 1,51,294/- രൂപയുമാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 5 (1), (2) പ്രകാരം വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തി ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, ധനസഹായത്തിനുളള അപേക്ഷകൾ, അനുവദിച്ച ധനസഹായം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഇതു സംബന്ധിച്ച മിനിട്സുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നിധിയുടെ വരവ് ചെലവ് കണക്കുകൾ ചട്ട പ്രകാരമുളള രീതിയിൽ സൂക്ഷിച്ചിട്ടില്ല. ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിലെ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ദുരിതാശ്വാസനിധിയിലേക്ക് അനധികൃതമായി നിർബന്ധിത പിരിവ് നടത്തുന്നു

ദുരിതാശ്വാസനിധി ചട്ടങ്ങൾ3(2) പ്രകാരം നിർബന്ധിത പിരിവ് പാടില്ല. എന്നാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന ഫണ്ടിലേക്ക് ജനങ്ങളിൽ നിന്നും ചട്ടവിരുദ്ധമായി നിർബന്ധിത പിരിവ് നടത്തുന്നു .

D&O ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം D&O ലൈസൻസ് അപേക്ഷകരിൽ നിന്നും 34,500/- രൂപ ദുരിതാശ്വാസനിധിയിലേക്ക് പിരിച്ചെടുത്തതായി കാണുന്നു. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മെഷീൻ ഫീസ്, ദുരിതാശ്വാസഫണ്ട് എന്നിങ്ങനെ ഇനംതിരിച്ച് ഫീസ് നിർണയിക്കുകയും ആയത് അപേക്ഷകരിൽ നിന്ന് പിരിച്ചെടുക്കുകയും ചെയ്യുന്നു. ചട്ടപ്രകാരം ദുരിതാശ്വാസനിധിയിലേക്ക് അപേക്ഷകരിൽ നിന്ന് നിർബന്ധിത പിരിവ് പാടില്ല. എന്നാൽ ഇവിടെ എല്ലാ അപേക്ഷകളിലും നിശ്ചിത തുക സെക്ഷൻ തീരുമാനിക്കുകയും അത് സെക്രട്ടറി അംഗീകരിച്ച് ജനങ്ങളിൽനിന്ന് പിരിച്ചെടുക്കുകയും ചെയ്യുന്നു. ദുരിതാശ്വാസ നിധിയിലേക്കുള്ള തുക എന്ന് അറിയാതെ ലൈസൻസ് ഫീസ് എന്ന ധാരണയിലാണ് അപേക്ഷകർ തുക ഒടുക്കുന്നത്. ഇപ്രകാരം അപേക്ഷകരിൽ നിന്ന് നിർബന്ധിതമായി ദുരിതാശ്വാസ ഫണ്ടിലേക്ക് നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഡി & ഒ ലൈസൻസ് അപേക്ഷകരിൽ നിന്ന് മാത്രമല്ല ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിലും ഇപ്രകാരം ഫണ്ട് പിരിവ് നടത്തിയതായി കാണുന്നു.

ബി) ദുരിതാശ്വാസനിധിയിൽ നിന്നും ചെലവ് ചെയ്യുന്നതിലെ പോരായ്മകൾ.

ദുരിതാശ്വാസ നിധിയിൽ നിന്നുളള ധനസഹായത്തിനുളള അപേക്ഷകൾ തനതു ഫണ്ട് ചെലവ് വൗച്ചറിനൊപ്പമാണ് സൂക്ഷിച്ചിട്ടുളളത്. വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്ക്, രജിസ്റ്ററുകൾ, മിനിട്സ് ബുക്ക് എന്നിവ സൂക്ഷിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ചവ ലഭ്യമാക്കാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4 തീയതി 12.11.2018) മറുപടി ലഭ്യമാക്കിയില്ല.

ദുരിതാശ്വാസ നിധി വരവ്, ചെലവുകൾ ചട്ട പ്രകാരമുളള രീതിയിൽ നിർവഹിക്കുവാനും രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-6 എം.എൻ.ആർ.ഇ.ജി.എസ്. വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

എം.എൻ.ആർ.ഇ.ജി.എസ്. ന്റെ 2017-18 വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്,

എ.എഫ്.എസ്. എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിശദവിവരം ചുവടെ.

| | ക്യാഷ് ബുക്ക് പ്രകാരം | എ.എഫ്.എസ്. പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| 2017-18 വരവ് | 1590749.39 | 1516350 | 1590749.39 |
| 2017-18 ചെലവ് | 723928 | 1368871 | 1443271 |

വ്യത്യാസത്തിനു വിശദീകരണം നൽകുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28 തീയതി 21.11.2018) മറുപടി ലഭ്യമാക്കിയില്ല. വരവു ചെലവുകണക്കുകൾ പൊരുത്തപ്പെടുത്തി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസപ്പെടുത്തുന്നു

താഴെപ്പറയുന്ന തനത് ഫണ്ട് വൗച്ചറുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

1. വൗച്ചർ നമ്പർ 21700284 തീയതി 21.7.2017 തുക 51,000/-
2. വൗച്ചർ നമ്പർ 21700167 തീയതി 2.6.2017 തുക 9,173/-
3. വൗച്ചർ നമ്പർ 21700175 തീയതി 7.6.2017 തുക 1,50,000/-
4. വൗച്ചർ നമ്പർ 21700207 തീയതി 21.6.2017 തുക 1,86,000/-
5. വൗച്ചർ നമ്പർ 21700216 തീയതി 29.6.2017 തുക 5,75,000/-

ആകെ **9,71,173/-** രൂപ

9,71,173/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 തീയതി: 13.11.18) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറും യോഗം ചേരുന്നുവെങ്കിലും ചെലവ് സംബന്ധിച്ച രേഖകളുടെ പരിശോധന നടത്തുകയോ ബജറ്റ് – ചെലവ് താരതമ്യം ചെയ്യുകയോ ചെയ്യുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 10,76,700/- രൂപ ക്രമീകരിച്ചിട്ടില്ല

വിവിധ ആവശ്യങ്ങൾക്കായി പല ഘട്ടങ്ങളിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 10,56,700/- രൂപ നാളിതുവരെയായി തനത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല .

എ) എം.എൻ.ആർ.ഇ.ജി.സ്കീമുമായി ബന്ധപ്പെട്ട ചെലവ് **8,55,552/-** രൂപ

വൗച്ചർ നമ്പർ 21700250 തീയതി 5.7.2017

WP(c) : 27481/16 എന്ന ഹർജിയിലെ 5.5.2017 ലെ ഹൈക്കോടതി ഉത്തരവുപ്രകാരം ശ്രീ. സുനിൽ കുമാർ എന്ന വ്യക്തിക്ക് എം.എൻ.ആർ.ഇ.ജി.എസ് ജോലികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ നൽകാനുണ്ടായിരുന്ന 8,55,552/-രൂപ (ചെക്ക് നം തീയതി ) തനത് ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം നൽകി. എന്നാൽ തനത് ഫണ്ടിലേക്ക് നാളിതുവരെയായി ടി തുക തിരികെ എത്തിയിട്ടില്ല.

ബി) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം മുൻകൂറായി അനുവദിച്ചത്

വൗച്ചർ നമ്പർ 21700339 തീയതി 22.8.2017

വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം പദ്ധതിയിൽ ശ്രീമതി ശകുന്തളക്ക് സർക്കാർ അലോട്ട്മെൻറ് ലഭിക്കുന്നതിനുമുമ്പ് മുപ്പതിനായിരം രൂപ (ചെക്ക് നം. തീയതി) ആനുകൂല്യം അനുവദിച്ചു. സർക്കാർ അലോട്ട്മെൻറ് ലഭിക്കുമ്പോൾ തനത് ഫണ്ടിലേക്ക് മേൽപ്പറഞ്ഞ തുക തിരികെ അടവാക്കാം എന്ന വ്യവസ്ഥയിലാണ് മുപ്പതിനായിരം രൂപ അനുവദിച്ചത്. എന്നാൽ ഇതുവരെ ടി തുക ക്രമീകരിച്ചിട്ടില്ല.

സി) തൊഴിലുറപ്പ് ജീവനക്കാരന് ശമ്പളം നൽകിയത്

തൊഴിലുറപ്പ് പദ്ധതിയിലെ ഓവർസിയറായ ഷിജി എന്ന ജീവനക്കാരന് 25.8.2016 മുതൽ 31.5.2017 വരെയുള്ള ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകി. പ്രമേയം നമ്പർ 11(2)/30.10.2017 പ്രകാരം 171148 രൂപയാണ് (ചെക്ക് നം. തീയതി ) നൽകിയത് നാളിതുവരെ മേൽപ്പറഞ്ഞ തുക തനത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (നം 8 തീയതി13.11.2018)

ഡി) പി.എച്ച്.സി.ക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ചത്.

പി.എച്ച്.സി.ക്ക് വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ ആയി തുക അനുവദിച്ചശേഷം വിനിയോഗസാക്ഷ്യപത്രവും വൗച്ചറുകളും ലഭ്യമാക്കി ചെലവ് ആധികാരികമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ.

| ചെലവിനം | അനുവദിച്ച തുക | ചെക്ക് നം/തീയതി | അപാകങ്ങൾ |
|---|---|---|---|
| ഇൻസുലിൻ വാങ്ങുന്നതിന് | 10000 | 748834/04.04.2017 | സർക്കാർ ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നു വിതരണം ചെയ്യുന്നതിന് ആരോഗ്യ വകുപ്പിന് കേന്ദ്രീകൃത വിതരണസംവിധാനം നിലവിലുണ്ട്. അപ്രകാരം മരുന്നു ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ജില്ലാ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതി രൂപീകരിച്ച് മാത്രമേ നിർവഹിക്കാനാകൂ. ചെലവ് തുക മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച ശേഷം വിനിയോഗ സാക്ഷ്യപത്രമോ, ചെലവ് രേഖകളോ വാങ്ങി സൂക്ഷിച്ചിട്ടില്ല. |
| പകർച്ച പനി പ്രതിരോധിക്കുന്നതിന് | 10000 | 855224/17.05.2017 | തുക എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമല്ല.മെഡിക്കൽ ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾഎന്നിവ ലഭ്യമാക്കിയില്ല. |

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്ത വിവിധ ആവശ്യങ്ങൾ മേൽപ്രകാരം തുക അനുവദിക്കുവാനുണ്ടായ കാരണം, ആധാരമായ ഉത്തരവുകൾ, കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കുവാൻ അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 തീയതി 12.11.2018) മറുപടി ലഭ്യമാക്കിയില്ല.

## 3-3 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

വൗച്ചർ നമ്പർ 657/18.11.2017 പ്രകാരം 74,400/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ, യുപിഎസ് , ലേസർ പ്രിൻറർ, 2 മൾട്ടി ഫംഗ്ഷൻ പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. 13.9.2010 ലെ മിഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഒരു കമ്പ്യൂട്ടർ ഒരു പ്രിന്റർ എന്നിവ വാങ്ങാൻ അനുമതി നൽകിയിരുന്നു. അതിനുശേഷം മറ്റൊരു കമ്പ്യൂട്ടർ കൂടെ വാങ്ങാൻ സർക്കാർ അനുമതി നൽകി 23.3.2017ലെ മിഷൻ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കേടുവന്ന കമ്പ്യൂട്ടറുകൾ എന്നിവ മാറ്റിവാങ്ങാൻ അനുവാദം നൽകി മേൽപ്പറഞ്ഞ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ 3 പ്രിന്റർ എന്നിവ വാങ്ങി. സർക്കാർ നിർദേശപ്രകാരം (സ.ഉ.സാധാ. 134/2013/ത.സ്വ.ഭ.വ./19.1.2013) എം.എൻ.ആർ.ഇ.ജി.എസ് യൂണിറ്റിന് 2 കമ്പ്യൂട്ടർ, 1 പ്രിൻറർ എന്നിവ വാങ്ങുന്നതിനാണ് അനുമതിയുള്ളത് എന്നാൽ ഇതിനു വിരുദ്ധമായി 3 പ്രിന്റർ വാങ്ങിയിട്ടുണ്ട്. മുൻപ് വാങ്ങിയ കമ്പ്യൂട്ടർ പ്രിൻറുകൾ എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ അറിയാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.8/13.11.2018) മറുപടി ലഭിച്ചില്ല.

ഇത് ചട്ടവിരുദ്ധം – ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 യാത്രാബത്ത അനുവദിച്ചത് ചട്ടവിരുദ്ധം - ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മെമ്പർമാർക്ക് ഡിസംബർ 2015 മുതൽ മാർച്ച് 2017 വരെ നടത്തിയ വിവിധ യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചിരുന്നു. യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടു.

- കേരള സർവീസ് ചട്ടങ്ങൾ പ്രകാരം യാത്ര ചെയ്ത ഒരു വർഷത്തിനുള്ളിൽ യാത്രക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ അപ്രകാരം യാത്രാബത്ത അപേക്ഷകൾ യഥാസമയം സമർപ്പിച്ചിട്ടില്ല. ഡിസംബർ 2005 മുതൽ മാർച്ച് 2017 വരെയുള്ള അപേക്ഷകൾ 8/2017 മാസത്തിലാണ് സമർപ്പിച്ചിരിക്കുന്നതും മേൽപ്പറഞ്ഞ അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നതും. ആയതിനാൽ 3/2015 മുതൽ 3/2016 വരെയുള്ള യാത്രകൾക്ക് യാത്രാബത്ത അനുവദിക്കാൻ കഴിയില്ല.

- യാത്രാബത്ത ചട്ടങ്ങൾ പ്രകാരം യാത്രകൾ നടത്തുന്നത് പഞ്ചായത്തിലെ അംഗീകാരം വാങ്ങേണ്ടതാണ് എന്നാലിവിടെ യാത്രകൾ നടത്തിയതിനു ശേഷമാണ് യാത്രയ്ക്ക് അംഗീകാരം നൽകിയിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ഔദ്യോഗിക യാത്രകൾ നടത്താൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശമുണ്ട്. (സർക്കുലർ 39677/EM2 /09/ത.സ്വ.ഭ.വ 18.9.09) അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുമായി ബന്ധപ്പെട്ട യാത്രകൾക്ക് മാത്രം യാത്രാബത്ത അനുവദിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത യാത്രകൾക്ക് യാത്രബത്ത അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട നെയ്യാറ്റിൻകരയിൽ പോയി
2) കുളം വൃത്തിയാക്കുന്നതിനായി നെയ്യാറ്റിൻകരയിൽ പോയി
3) റേഷൻ കാർഡുമായി ബന്ധപ്പെട്ട നെയ്യാറ്റിൻകര സപ്ലൈ ഓഫീസിൽ പോയി
4) പെൻഷനായി ബന്ധപ്പെട്ട തിരുവനന്തപുരത്തു പോയി
5) വാട്ടർ അതോറിറ്റി യിൽ പോയി
6) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ പോയി

ചട്ട പ്രകാരം മേല്പറഞ്ഞ തരത്തിലുള്ള യാത്രകൾക്ക് യാത്ര ബത്ത അനുവദിക്കാൻ കഴിയില്ല.

സർക്കാർ ഉത്തരവ് നമ്പർ: 7/2016/ധന ഉത്തരവ് പ്രകാരം പുതുക്കിയ അലവൻസ് നിരക്കിന്റെ പ്രാബല്യ തീയതി 1.4.2016 ആണ്. എന്നാൽ ഡിസംബർ 2015 മുതൽ മാർച്ച് 2016 വരെ നടത്തിയ യാത്രകൾക്ക് പുതുക്കിയ നിരക്കിൽ ഡിഎ അനുവദിച്ചു .

| ക്രമ നം. | പേര് | യാത്ര കാലയളവ് | അനുവദിച്ച മൊത്തം തുക | 12/15 മുതൽ 3/16 വരെ പുതുക്കിയ ഡി എ പ്രകാരം അനുവദിച്ച തുക (യാത്രാ ദിവസങ്ങളും എണ്ണം x ഡി.എ. ) | അനുവദി ക്കാവുന്ന തുക (യാത്രാ ദിവസങ്ങളും എണ്ണം x ഡി.എ. ) | അധിക മായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ചിത്ര | 10.12.15 മുതൽ 15.3.17 വരെ | 16000 | 13x320 = 4160 | 13x200 =2600 | 1560 |
| 2 | സ്മിത | “ | 14080 | 12x320= 3840 | 12x200 =2400 | 1440 |
| 3 | ജയചിത്ര | 10.12.15 മുതൽ | 15840 | 11x320+1x160 =3680 | 11x200+1x100 =2300 | 1380 |

| | | | | | | |
|---|---|---|---|---|---|---|
| | | 28.3.17 വരെ | | | | |
| 4 | ശശിധരൻ | 10.12.15 മുതൽ 10.3.17 വരെ | 16800 | 13x320+1x160 =4320 | 13x200+1x100 =2700 | 1620 |
| 5 | മല്ലികാദാസ് | 10.12.15 മുതൽ15.3.17 വരെ | 19800 | 13x400 =5200 | 13x250 =3250 | 1950 |
| 6 | ശശികല സുഗതൻ | " | 14080 | 12x320 =3840 | 12x200 = 2400 | 1440 |
| 7 | പാപ്പച്ചൻ | 5.12.15 മുതൽ 27.3.17 വരെ | 18080 | 13x320 =4160 | 13x200 =2600 | 15600 |
| 8 | സുശീല | 18.12.15 മുതൽ 24.3.17 | 11940 | 10x320+1x160 =3360 | 10x200+1x100 =2100 | 1260 |
| 9 | ബിന്ദു സുരേഷ് | 10.12.15 മുതൽ 28.3.17 വരെ | 17860 | 15x320+1x160 =4960 | 15x200+1x100 =3100 | 1860 |
| 10 | ബിന്ദു | 5.12.15 മുതൽ 27.3.17 വരെ | 19680 | 14x320+1x160 =4640 | 14x200+1x100 =2900 | 1740 |
| 11 | അംബികദാസ് | 1.12.15 മുതൽ 28.3.17 വരെ | 21400 | 13x400 =5200 | 13x250 =3250 | 1950 |
| 12 | മല്ലിക | 19.12.15 മുതൽ 24.3.17 വരെ | 15360 | 12x320 =3840 | 12x200 =2400 | 1440 |
| 13 | വിശ്വംഭരൻ | 17.12.15 മുതൽ 28.3.17 വരെ | 13440 | 12x320 =3840 | 12x200 =12400 | 1440 |
| 14 | വിക്രമൻ | 10.12.15 മുതൽ | 9280 | 8x320 =2560 | 8x200 =1600 | 960 |

| | | | | | | |
|---|---|---|---|---|---|---|
| | | 4.3.17 വരെ | | | | |
| 15 | അമ്പിളി | 5.12.15 മുതൽ 27.3.17 വരെ | 23600 | 14x400+1x200 =5800 | 14x250+1x125 =3625 | 2175 |
| 16 | ഗീതാകുമാരി | 10.12.15 മുതൽ 28.3.17 വരെ | 16900 | 14x320+1x160 =4640 | 14x200+1x100 =2900 | 1740 |
| 17 | വൽസല കുമാരി | 18.12.15 മുതൽ 15.3.17 വരെ | 12640 | 12x320+2x160 =4160 | 12x200+2x100 =2600 | 1560 |
| 18 | ഗിരീഷ് കുമാർ | 5.12.15 മുതൽ 27.3.17 വരെ | 17860 | 13x320 =4160 | 13x200 =2600 | 1560 |
| 19 | മല്ലികാ വിജയൻ | " | 6400 | 4x400+7x200 =3000 | 4x250+7x125 =1875 | 1125 |

ആകെ 25,380/- രൂപ

മേൽപ്പറഞ്ഞ വ്യക്തികളിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്യതിനു തുക അനുവദിച്ചു- രൂപ യുടെ ചെലവ് അംഗീകരിക്കുന്നില്ല

വിവിധ വാർഡുകളിൽ വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യതിന് വിവിധ നിരക്കുകളിൽ തുക ചെലവഴിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ് നം | തുക കൈപ്പറ്റിയ വ്യക്തി | വിതരണം ചെയ്യ നോട്ടീസുകളുടെ എണ്ണം | അനുവദിച്ച തുക | ചെക്ക് നം/വൗച്ചർ നം., തീയതി |
|---|---|---|---|---|---|
| 1 | 2 | ഗീതകുമാരി | 675 | 675x5=3375 | 748839/15.04.2017 |
| 2 | 13 | ദീപ | 650 | 650x5=3250 | 20048/29.04.2017 |
| 3 | 18 | വിലാസിനി ദേവി | 135 | 135x5=675 | 20049/29.04.2017 |
| 4 | 18 | വിലാസിനി ദേവി | 337 | 337x5=1685 | 20051/04.05.2017 |
| 5 | 23 | അജിത | 522 | 522x3=1566 | 21700898/20.02.2018 |
| 6 | 18 | സീനത്ത് | 235 | 235x3=705 | 21700912/27.02.2018 |
| 7 | 23 | ലളിതാകുമാരി | 286 | 286x3= 858 | 21700913/27.02.2018 |
| ആകെ | | | | 12,114 | |

ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വസ്തുനികുതി ചട്ടങ്ങളിൽ

വ്യവസ്ഥകളില്ലാത്തതിനാൽ, ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ, കമ്മിറ്റി തീരുമാനങ്ങളോ ഉള്ളപക്ഷം ആയത് ലഭ്യമാക്കുവാൻ അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 തീയതി 12.11.2018) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.02.2015 ലെ 55247/ഐ.എ.1/14/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു ചെലവ് ചെയ്തത് എന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. എന്നാൽ, പ്രസ്തുത സർക്കുലർ 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 14(1) പ്രകാരമുളള (5 വർഷത്തേക്ക് ഒരുമിച്ച് നൽകുന്നത്) ഡിമാന്റ് നോട്ടീസ് നൽകുന്നതിനാണ്. അതായത് മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരണം നടത്തിയ സമയത്തേക്ക് മാത്രം ബാധകമായതാണ്. വാർഷികമായി ഡിമാന്റ് നോട്ടീസുകൾ നൽകുന്നതിന് സർക്കുലർ ബാധകമല്ല. കൂടാതെ, വിതരണം ചെയ്ത ഡിമാന്റ് നോട്ടീസുകളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയുമില്ല. വ്യവസ്ഥകൾക്കതീതമായി അനുവദിച്ച 12,114/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-6 അവഗണിക്കപ്പെട്ട കാർഷിക മേഖല

2017-18 വർഷത്തിൽകാർഷികമേഖലയ്ക്കായി 9 പദ്ധതികൾ 20,91,651/- രൂപ വകയിരുത്തി അംഗീകാരം വാങ്ങിയെങ്കിലും 5 പദ്ധതികൾ നടപ്പിലാക്കി. 9,38,390/- രൂപ മാത്രം ചെലവഴിച്ചു. പഞ്ചായത്ത് പരിധിയിൽ 3 ഹെക്ടർ കരനെൽകൃഷിയ്ക്കുള്ള ഭൂമിയും 5 ഹെക്ടർ നെൽവയൽ കൃഷിഭൂമിയും ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാൻഡിംഗ് കമ്മിറ്റിയും വ്യക്തമായ പഠനം ഇല്ലാതെ നെൽകൃഷിയ്ക്കായി 167256 രൂപ വകയിരുത്തി അംഗീകാരം വാങ്ങി. എന്നാൽ പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചു. കൂടാതെ മത്സ്യകൃഷി (SO215/17-18 അടങ്കൽ തുക-100000) പച്ചക്കറി കൃഷി (SO224/17-18 അടങ്കൽ തുക-149730) ജലശ്രീ (SO224/17-18 അടങ്കൽ തുക-400000) എന്നീ പദ്ധതികളും അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതെ ഉപേക്ഷിച്ചു. ആയതിനെ സംബന്ധിച്ച് നൽകിയ 13.11.2018ലെ നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതികൾ ഉപേക്ഷിക്കാൻ കാരണം പഞ്ചായത്ത് ഫണ്ട് ലഭ്യമാക്കാത്തതും ഗുണഭോക്താക്കളെ കിട്ടാത്തതും ആണെന്ന് അറിയിച്ചു. പഞ്ചായത്തിലെ കാർഷിക മേഖലയെക്കുറിച്ചും കർഷകരെക്കുറിച്ചും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാൻഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്യാതെയാണ് പദ്ധതികൾ ശുപാർശ ചെയ്യാതെയാണ് പ്രോജക്ടുകൾ രൂപീകരിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വരുംവർഷങ്ങളിൽ കാർഷികമേഖലയ്ക്ക് സുസ്ഥിര വികസനം സാദ്ധ്യമാകുന്ന പദ്ധതികൾ നടപ്പിലാക്കാനും കൂടുതൽ വ്യക്തികളെ കാർഷികമേഖലയിലേയ്ക്ക് നയിക്കാനുള്ള മാർഗ്ഗങ്ങൾ വിഭാവനം ചെയ്യാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ലൈഫ് മിഷൻ ഭവനപദ്ധതി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ ഭവന പദ്ധതി നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്തു പാലിച്ചിട്ടില്ല. ലൈഫ് മിഷൻ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പദ്ധതി രൂപീകരണം, നിർവഹണം, ഫണ്ട് വകയിരുത്തലും വിനിയോഗവും എന്നിവക്കായി സ.ഉ.(എം.എസ്.)നം. 151/2017തസ്വഭവ തീയതി 31.07.2017, സ.ഉ.(എം.എസ്.)നം. 196/2017തസ്വഭവ തീയതി 11.10.2017 പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുളള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.18/16.11.2018) ലഭ്യമാക്കിയ മറുപടിയുടെ കൂടി അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| | |
|---|---|
| 1) പദ്ധതിക്കായി ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ നാലു പട്ടികകൾ തയ്യാറാക്കേണ്ടതുണ്ട്. വാസയോഗ്യമല്ലാതായ വീടുകളുള്ള നിർധനകുടുംബങ്ങളുടെ പട്ടിക (പുനരുദ്ധാരണ സാധ്യമായതും, അല്ലാത്തവയും)<br>പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങളുടെ പട്ടിക<br>സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾ<br>ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ പട്ടിക. | ഗ്രാമപഞ്ചായത്ത് രണ്ടായിരത്തിലധികം ഗുണഭോക്താക്കളുൾപ്പെടുന്ന രണ്ടു പട്ടികകളാണ് ലഭ്യമാക്കിയത് - സ്വന്തമായി ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളുടെയും,<br>ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെയും പട്ടികകൾ. (കുടുംബശ്രീ സർവേ നടത്തി ലഭ്യമായത്.)<br>വാസയോഗ്യമല്ലാത്ത വീടുകളുള്ള നിർധനകുടുംബങ്ങളുടെ പട്ടിക (പുനരുദ്ധാരണ സാധ്യമായതും, അല്ലാത്തവയും),<br>പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കിയിട്ടില്ല. ഈ വിഭാഗങ്ങളിൽ പ്പെടുന്നവരും ആദ്യ രണ്ടു ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആനുകൂല്യ വിതരണത്തിൽ സീനിയോറിറ്റി മാനദണ്ഡമാക്കാൻ കഴിയുന്നില്ല. |
| 2) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കർമ്മസമിതി മാനദണ്ഡങ്ങൾ പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കണം. | കർമ്മസമിതി പരിശോധന നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പരിശോധിച്ചതായി മറുപടി ലഭ്യമാക്കി. |
| 3) മുൻഗണനാ പട്ടിക സെക്രട്ടറി പരിശോധിച്ച് ഭരണ സമിതി അംഗീകാരം നേടണം. | ഓഡിറ്റ് എൻക്വയറിയിൽ വിവരം ലഭ്യമാക്കിയില്ല. |
| 4) ഭരണ സമിതി അംഗീകരിച്ച പട്ടികയിന്മേൽ അപ്പീലുകൾ സ്വീകരിക്കണം. | ആദ്യ ഘട്ട ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ അപ്പീലുകൾ സ്വീകരിച്ചു. അപ്പീൽ കമ്മിറ്റി 23.06.2018 ൽ യോഗം ചേർന്നു. |
| 5) അപ്പീൽ തീർപ്പാക്കി അന്തിമ പട്ടിക ഭരണസമിതി അംഗീകരിക്കണം. | 23.06.2018ലെ ഭരണസമിതി 1-ാം നമ്പർ തീരുമാനത്തിലൂടെ പട്ടിക അംഗീകരിച്ചതായി മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത തീരുമാനം പ്രകാരം 407 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. (വി.ഇ.ഒ. യുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ - ഭവനരഹിതർ -212 , വാസയോഗ്യമല്ലാത്ത ഭവനമുളളവർ -195). എന്നാൽ ഇതനുസരിച്ചുള്ള പട്ടിക ലഭ്യമാക്കിയില്ല. |

| | |
|---|---|
| | അപ്പീൽ കമ്മിറ്റി യോഗവും ഭരണസമിതി യോഗവും ഒരേ തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്മിറ്റികൾ എത്രമാത്രം ഫലവത്തായിരുന്നുവെന്ന് വ്യക്തമല്ല.<br>ഇതേ കമ്മിറ്റിയുടെ 2-ാം നമ്പർ തീരുമാനത്തിൽ ഗ്രാമസഭ അംഗീകരിച്ച പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ച വി.ഇ.ഒ. യുടെ റിപ്പോർട്ട് പുനപരിശോധിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| 6) അന്തിമ പട്ടികയിലെ ഗുണഭോക്താക്കളുടെ വിവരം ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം. | ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭകൾ അംഗീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. |
| 7) അന്തിമ പട്ടിക ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച് പുസ്തകരൂപത്തിൽ തയ്യാറാക്കണം. | നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 8) തദ്ദേശ സ്ഥാപനതല കർമ്മ സമിതി, റ്റി.പി.റ്റി.എ. വിദഗ്ധർ എന്നിവർ യോഗം ചേർന്ന് സമഗ്ര ഭവനപദ്ധതി തയ്യാറാക്കണം | നടപടികൾ സ്വീകരിച്ചിട്ടില്ല. |

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും പദ്ധതി ആസൂത്രണത്തിലും ഗ്രാമപഞ്ചായത്ത് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. ഭവന പദ്ധതിക്ക് അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനു ഭരണസമിതി ശ്രദ്ധ കാണിച്ചിട്ടില്ല. ലൈഫ് പദ്ധതിക്കായി സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും, പാലിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിദ്യായാത്ര – പദ്ധതി നിർവഹണത്തിലെ അപാകതകൾ

എസ്.സി. വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർഥികൾക്ക് സൈക്കിൾ വിതരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് രണ്ടു പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 16/18, വിദ്യായാത്ര പദ്ധതി 8,9,10 ക്ലാസ്സുകളിലെ എസ്.സി.പി. കുട്ടികൾക്കായി |
| ചെലവ് തുക, ഫണ്ടിനം | 1,82,875/- എസ്.സി.പി. |
| ബിൽ നം., തീയതി | 16/2017-18, 18.07.2017 |
| നിർവഹണാധികാരി | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതി പ്രകാരം വാങ്ങൽ നടത്തിയതിനോ, വിതരണം ചെയ്തതിനോ ഉള്ള രേഖകൾ, പ്രോജക്ട്, ഫയലുകൾ എന്നിവയൊന്നും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/19.11.2018) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതി പ്രകാരം ചെലവ് ചെയ്ത തുക 1,82,875/- രൂപ തടസ്സപ്പെടുത്തുന്നു.

ബി**)** നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 65/18, 8,9,10 ക്ലാസ്സുകളിലെ എസ്.സി. കുട്ടികൾക്കായി സൈക്കിൾ |
| ചെലവ് തുക, ഫണ്ടിനം | 2,92,750/- എസ്.സി.പി. |
| ബിൽ നം., തീയതി, തുക | 065/17-18, 09.03.2018 – 1,46,500/-<br>065/17-18, 16.03.2018 – 97,500/-<br>065/17-18, 28.03.2018 – 48,750/- |
| നിർവഹണാധികാരി | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതി പ്രകാരം 60 സൈക്കിളുകൾ സനൽ സൈക്കിൾസ്, ഉദിയൻകുളങ്ങര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വാങ്ങലിൽ ജി.ഒ. (പി)259/2010തസ്വഭവ തീയതി 08.11.2010, ജി.ഒ. (പി)3/2013എസ്.പി.ഡി. തീയതി 21.06.2013 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വാങ്ങൽ നടപടികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊക്യൂർമെന്റ് കമ്മിറ്റി ടെണ്ടറുകളും രേഖകളും പരിശോധിച്ച് അംഗീകാരം നൽകിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, മിനിട്സ് എന്നിവ ലഭ്യമാക്കിയില്ല.

2) സനൽ സൈക്കിൾസുമായി ചമച്ചിട്ടുള്ള കരാർ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. കരാറിന്റെ എല്ലാ പേജുകളിലും(കരാർ വ്യവസ്ഥകളിൽ) ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

3) ഒരു ലക്ഷം രൂപയിലുമധികമുള്ള വാങ്ങലുകളിൽ കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെയാണ് സനൽ സൈക്കിൾസുമായി കരാറിലേർപ്പെട്ടത്.

4) സൈക്കിൾ വിതരണത്തിനായുള്ള ലിസ്റ്റ് സ്കൂളിൽ നിന്നും ലഭ്യമാക്കി, സ്കൂളുകൾ മുഖാന്തിരം വിതരണം നടത്തിയിട്ടില്ല. ഗ്രാമസഭയിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നേരിട്ടാണ് സൈക്കിൾ വിതരണം ചെയ്തിട്ടുള്ളത്. അതുകൊണ്ടു തന്നെ മുൻവർഷം ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം നേടിയിട്ടില്ലായെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടതിൽ (ഓഡിറ്റ് അന്വേഷണം നം. 25/19.11.2018) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ചു മാത്രം പദ്ധതികൾ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി**)** മുൻ വർഷങ്ങളിൽ വാങ്ങിയ സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല

ഹൈസ്കൂളിൽ പഠിക്കുന്ന എസ്. സി. വിദ്യാർഥികൾക്കുള്ള സൈക്കിൾ വിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുൻ വർഷങ്ങളിലും നടപ്പാക്കി വരുന്ന പദ്ധതിയാണ്. മുൻവർഷങ്ങളിൽ വാങ്ങിയ സൈക്കിളുകൾ വിതരണം ചെയ്യാതെ

സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിലും (2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 ) പ്രസ്താവിച്ചിട്ടുള്ളതാണ്. മുൻ വർഷങ്ങളിൽ വാങ്ങിയ സൈക്കിളുകൾ വിതരണം ചെയ്യാതെ, വീണ്ടും വീണ്ടും പുതിയ വാങ്ങലുകൾ നടത്തുന്നത് പദ്ധതി തുകയുടെ ദുർവിനിയോഗമായി വിലയിരുത്തുന്നു. വാങ്ങിയ സൈക്കിളുകൾ അടിയന്തിരമായി അർഹരായ ഗുണഭോക്താക്കൾക്ക്, നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതാണ്. നിലവിലുള്ളവ വിതരണം ചെയ്യാതെ പുതിയ വാങ്ങലുകൾ നടത്താവുന്നതല്ലായെന്നും നിർദ്ദേശിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി എന്നിവർ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാത്തത് ഗുരുതര അലംഭാവമായി വിലയിരുത്തുന്നു. സൈക്കിൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-9 ചെലവു രേഖകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു.

എ) ആശ്രയ ഭവന പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്ട് നം, പേര് | 208/18, ആശ്രയ ഭവനപുനരുദ്ധാരണം |
| ചെലവ് തുക, ഫണ്ടിനം | 6,00,000/- വികസന ഫണ്ട് ജനറൽ |
| ബിൽ നം., തീയതി, തുക | 208/17-18, 19.10.2017 – 1,60,000/-<br>208/17-18, 30.10.2017 – 80,000/-<br>208/17-18, 28.02.2018 – 60,000/-<br>208/17-18, 09.03.2018 – 1,20,000/-<br>208/17-18, 23.03.2018– 1,20,000/-<br>208/17-18, 28.03.2018 – 60,000/- |
| നിർവഹണാധികാരി | അസിസ്റ്റന്റ് സെക്രട്ടറി |

ആശ്രയ ഭവനപുനരുദ്ധാരണത്തിനായി ചെലവു ചെയ്ത തുകയിൽ പദ്ധതിക്കായി വിനിയോഗിച്ച 2,40,000/- (ആദ്യ രണ്ടു ബില്ലുകൾ) രൂപയുടെ വിതരണരേഖകൾ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 27തീയതി 19.11.2018) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 2,40,000/- രൂപയുടെ ചെലവു രേഖകൾ തടസ്സപ്പെടുത്തുന്നു.

ബി) പകൽ വീട് - ഓണറേറിയം

| | |
|---|---|
| പ്രോജക്ട് നം, പേര് | 213/18, പകൽ വീട് - ഓണറേറിയം |
| ചെലവ് തുക, ഫണ്ടിനം | 2,08,000/- തനതു ഫണ്ട് |
| ചെക്ക് നം., തീയതി, തുക | 6415466/21.12.2017 - 52,000/-<br>69297/18.01.2018 - 52,000/-<br>9665990/07.03.2018 - 52,000/-<br>ലഭ്യമായില്ല - 52,000/- |
| നിർവഹണാധികാരി | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയുടെ ചെലവ് രേഖകൾ, പ്രോജക്ട് ഫയൽ, കെയർ ടേക്കർ മാരുടെ നിയമനം, ബന്ധപ്പെട്ട തീരുമാനങ്ങൾ, സ്ഥാപനവുമായുള്ള കരാർ, ഹാജർ, അക്വിറ്റൻസ് രേഖകൾ എന്നിവയൊന്നും തന്നെ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 27തീയതി 19.11.2018) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 2,08,000/- രൂപയുടെ ചെലവു രേഖകൾ തടസ്സപ്പെടുത്തുന്നു.

## 3-10 അർഹത തെളിയിക്കുന്ന രേഖ ഹാജരാക്കാത്തവർക്കും ലാപ്ടോപ്പ് നൽകി

| | |
|---|---|
| പ്രോജക്ട് നം.66/18 | - എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ |
| അടങ്കൽ | - 13,80,000/- വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | - 8,26,000/- |
| നിർവ്വഹണം | - അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. | - 1) 66/17-18/9.3.18 3,54,000/- |
| | 2) 66/17-18/16.3.18 3,54,000/- |
| | 3) 66/17-18/22.3.18 1,18,000/- |

ജി.എം.എസ്.4/2016/തസ്വഭവ തീ.11.01.2016 ഖണ്ഡിക 6.8(6) ൽ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രകാരമാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനുള്ള അർഹത നിർണ്ണയിക്കേണ്ടത്. 2017-18 വർഷം പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്നവരാണെന്ന സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റിന്റ അടിസ്ഥാനത്തിലാണ് ആനുകൂല്യം വിതരണം ചെയ്യേണ്ടത്. 46 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്ന പദ്ധതിക്കായി, ഒന്നിന് 23,600/- നിരക്കിൽ ലാപ്ടോപ് വാങ്ങുന്നതിന് പവർ സി.എം.എസ് ടെക്നോളജി, പാങ്ങോട് , തിരുവനന്തപുരം എന്ന സ്ഥാപനവുമായി പഞ്ചായത്ത് സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 35 ലാപ്ടോപ്പുകളുടെ വിലയായി 8,26,000/- ചെലവഴിച്ചിട്ടുമുണ്ട്. വിദ്യാർത്ഥികളുടെ അപേക്ഷയും വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും 2017-18 വർഷം വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത രണ്ട് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകിയതായി കണ്ടു. വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.രേഷ്മ.എം.ആർ, രേഷ്മഭവൻ, വയലിക്കട, ഭഗവതിനട പി.ഒ, വാർഡ് 21

2.അഞ്ചു വി.എം, പുതുവൽകുന്നുവിളാകത്ത് വീട്, മുടവൂർപ്പാറ

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.11.2018) മറുപടിയായി, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അസി.സെക്രട്ടറി അറിയിച്ചു. ലാപ്ടോപ് ലഭിക്കാൻ അർഹതയുള്ള കോഴ്സുകളിൽ 2017-18 വർഷം പഠിച്ചു വരുന്നവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സ്ഥാപനമേധാവിയിൽനിന്നും വാങ്ങി ഹാജരാക്കുന്നവർക്കു മാത്രമേ ലാപ്ടോപ് നൽകാവൂ എന്നിരിക്കേ, നൽകിയതിനുശേഷം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അർഹത തെളിയിക്കാത്തവർക്ക് ലാപ്ടോപ് വാങ്ങി നൽകിയ വകയിൽ ചെലവഴിച്ച 47,200/- (2 ലാപ്ടോപ്പുകളുടെ വില) തടസ്സപ്പെടുത്തുന്നു.

## 3-11 വൃദ്ധർക്ക് കട്ടിൽ വാങ്ങിനൽകൽ-നാലുകട്ടിലുകളുടെ വില തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | .78/18-വൃദ്ധർക്ക് കട്ടിൽ (എസ്.സി) |
| അടങ്കൽ | -6,90,000/- വി.ഫണ്ട് (എസ്.സി.പി) |
| ചെലവ് | -2,44,855/- ബിൽ നം.78/17-18 തീ.22.03.18 |
| നിർവ്വഹണം | -അസി.സെക്രട്ടറി |

2017-18 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ വിതരണ പദ്ധതിയിലുൾപ്പെടുത്തി കട്ടിലൊന്നിന് 3,767/-

നിരക്കിൽ രാജധാനി ഏജൻസീസ് , ചെർപ്പുളശ്ശേരി , പാലക്കാട് എന്ന സ്ഥാപനത്തിൽനിന്നും 65 കട്ടിലുകൾ 2,44,855/- രൂപ ചെലവഴിച്ച് വാങ്ങി. ടെണ്ടർ നടപടികൾ പാലിച്ചിട്ടുണ്ട്. 19.03.18ലെ ഇൻവോയ്സ് നം.എ85 പ്രകാരം ലഭിച്ച കട്ടിലുകൾ സ്റ്റോക്കിലെടുത്ത തീയതി വിതരണം നടത്തിയ തീയതി, വിതരണം ചെയ്യാതെ അവശേഷിക്കുന്നവയുടെ എണ്ണം എന്നിവ രേഖപ്പെടുത്തി, പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ ലഭ്യമാക്കിയ രജിസ്റ്ററിന്റെ പേജ് 23 മുതൽ 29 വരെ ഒട്ടിച്ചുചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം 60 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18) മറുപടിയായി, 2 കട്ടിലുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 3 എണ്ണം കിടപ്പ് രോഗികൾക്ക് ഒപ്പ് വാങ്ങാതെ വിതരണം ചെയ്തെന്നും അറിയിച്ചു. പഞ്ചായത്ത് ഓഫീസിൽ 19.11.2018ൽ നടത്തിയ സംയുക്ത പരിശോധനയിൽ ഒരു കട്ടിൽ ഉപയോഗശൂന്യമായ നിലയിലും മറ്റൊന്ന് വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന നിലയിലും കണ്ടെത്തി.

19.03.18ൽ ലഭിച്ച കട്ടിലുകളിൽ ഒന്ന് ഓഡിറ്റ് തീയതിയായ 19.11.2018 വരെ ഉപയോഗശൂന്യമായ നിലയിൽ അവശേഷിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റ ഭാഗത്തു നിന്നുള്ള ജാഗ്രതക്കുറവാണ്. പ്രസ്തുത കട്ടിൽ വിതരണ ഏജൻസിയിൽ നിന്നും മാറ്റിവാങ്ങാൻ സാധിക്കാത്ത പക്ഷം ആയതിന്റ വിലയായ 3767/- നിർവ്വഹണ ഉദ്യേഗസ്ഥൻ എസ്.സി.പി ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. കിടപ്പ് രോഗികൾക്ക് വിതരണം ചെയ്തതായി പറയുന്ന കട്ടിലുകളുടെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയവയും അവശേഷിക്കുന്ന ഒരു കട്ടിൽ വിതരണം ചെയ്തതിന്റ രേഖയും ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ നാല് കട്ടിലുകളുടെ വിലയായ 15,068/- രൂപ ചെലവഴിച്ച നടപടി തടസ്സത്തിൽ വയ്ക്കുന്നു. പട്ടിക വർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ക്ഷേകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 1(1) /07.6.2017-ാം നമ്പരായി അംഗീകരിച്ച പദ്ധതിയ്ക്ക് 9.6.2017ൽ 1(1) -ാം നമ്പരായി ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## **3-12** <u>വികസനഫണ്ടിൽ ചെലവില്ലെങ്കിലും സെക്രട്ടറി കട്ടിൽ വിതരണം ചെയ്തു-തുടർ അന്വേഷണം അനിവാര്യം</u>

| | |
|---|---|
| പ്രോജക്ട് | -നം.191/18 |
| പേര് | -60വയസ്സ് കഴിഞ്ഞ ബി.പി എൽ ജനറൽ വിഭാഗത്തിന് കട്ടിൽ വാങ്ങിനൽകൽ |
| നിർവ്വഹണം | -സെക്രട്ടറി |
| ചെലവ് | -ഇല്ല |

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ മേൽ പദ്ധതിക്കായി, ക്വട്ടേഷൻ നടപടികൾ പാലിച്ചു കൊണ്ട് രാജധാനി ഏജൻസീസ് ചെർപ്പുളശ്ശേരി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായും 19.03.18 ലെ ഇൻവോയ്സ് നം.A 84 പ്രകാരം 105 കട്ടിലുകൾ സ്ഥാപനം സപ്ലൈ ചെയ്തതായും ഫയലിൽ രേഖയുണ്ട്. കട്ടിലൊന്നിന് 3,767/- വില നിശ്ചയിച്ച പ്രകാരം 105 കട്ടിലുകളുടെ വിലയായി 3,95,535/- (sanction order no.435/24.03.2018) ന്റ ബിൽ 24.03.18ൽ തയ്യാറാക്കിയെങ്കിലും ബിൽബുക്കിൽ ചേർത്തിട്ടില്ല. രാജധാനി ഏജൻസിസിന്റ ഒറിജിനൽ കൈപ്പറ്റ് രസീത് ട്രഷറിയിൽ നൽകിയതായി രേഖപ്പെടുത്തിയശേഷം രസീതിന്റ ഫോട്ടോകോപ്പി ഫയലിൽ ചേർത്തിട്ടുണ്ട്. പഞ്ചായത്തിന്റ ചെലവ് പത്രികയിൽ മേൽ

ചെലവ് ഉൾപ്പെടാതിരിക്കുകയും കട്ടിലുകൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/18) ചുവടെ ചേർക്കുന്ന മറുപടിയാണ് ലഭ്യമാക്കിയത്.

"A 84 പ്രകാരം 105 കട്ടിലുകൾ സപ്ലൈ ചെയ്ത വകയിൽ രാജധാനി ഏജൻസിക്ക് 3,95,535/- നൽകുന്നതിന്റെ ഭാഗമായി ബിൽ ട്രഷറിയിൽ കൊടുത്തുവെങ്കിലും സപ്ലൈ ചെയ്ത കട്ടിലിൽ ഒരെണ്ണത്തിന്റെ കാൽ പൊട്ടിപ്പോയതിനാൽ തടി ക്വാളിറ്റി ഇല്ലായെന്നുള്ള പരാതി പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് പോയതിന്റെയടിസ്ഥാനത്തിൽ ഞാൻ പ്രസ്തുത പേയ്മെന്റ് നടത്തിയിട്ടില്ലായെന്നും എന്നാൽ മേൽപ്പടി തുകയ്ക്കുള്ള കട്ടിലുകൾ മുഴുവനും വിതരണം നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു."

രാജധാനി ഏജൻസീസിൽ നിന്നും കട്ടിൽ വാങ്ങാനുള്ള നടപടി 29.11.2017 ലെ ഭരണസമിതി 34(1)-ാം നമ്പരായി അംഗീകരിച്ച് തീരുമാനമെടുത്തിട്ടുള്ളതാണ്. കട്ടിലിന്റെ വില ചെലവഴിച്ചിട്ടില്ലെന്ന് വിശദീകരിക്കുകയും,105 കട്ടിലുകൾ വിതരണം നടത്തി എന്ന് ഓഡിറ്റ് എൻക്വറിയുടെ മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയും മുഴുവൻ വിതരണ രേഖകളും ഹാജരാക്കാതിരിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടി പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര പരിഗണനയ്ക്കായി ശുപാർശ ചെയ്യുന്നു.

2018-19 വർഷം പദ്ധതി സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ചെലവ് നടന്നിട്ടില്ല.

## 3-13 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല- 116764 രൂപ തടസ്സം

| | |
|---|---|
| പദ്ധതിയുടെ പേര് | : പാലിയേറ്റീവ് കെയർ പരിചരണം |
| പദ്ധതിയുടെ നമ്പർ | : S0053/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ആഫീസർ |
| അടങ്കൽ തുക | |
| പൊതുവിഭാഗം | : 407200 |
| തനത് ഫണ്ട് | : 397800 |
| ആകെ | : 805000 |
| ചെലവ് | : 683500 |
| ബിൽ നമ്പർ : 07/18 തീയതി : 06-01-18 | 315200 |
| ബിൽ നമ്പർ : 08/18 തീയതി : 06-01-18 | 78300 |
| ബിൽ നമ്പർ : 11/18 തീയതി : 15-02-18 | 13500 |
| | 407000 |
| ചെക്ക് നമ്പർ - 5032502 തീയതി: 02-09-17 | 40000 |
| ചെക്ക് നമ്പർ - 5032515 തീയതി :10-10-17 | 10000 |
| ചെക്ക് നമ്പർ - 883977 തീയതി :14-11-17 | 11200 |
| ചെക്ക് നമ്പർ - 6415469 തീയതി: 06-12-17 | 19100 |

| | |
|---|---|
| ചെക്ക് നമ്പർ - 6415475 തീയതി: 05-02-18 | 97000 |
| ചെക്ക് നമ്പർ - 9665484 തീയതി: 01-03-18 | 31000 |
| ചെക്ക് നമ്പർ - 7339585 തീയതി: 31-03-18 | 68200 |
| | 276500 |

പഞ്ചായത്ത് പാലിയേറ്റീവ് കെയർ പരിചരണത്തിനും അനുബന്ധ ചെലവുകൾക്കും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. പാലിയേറ്റീവ് കെയർ രോഗികൾക്ക് വിതരണം ചെയ്യുന്നതിന് K M C H ന് 10-01-18 ൽ 1,50,000/- രൂപയുടെ ഡി .ഡി അയച്ചു കൊടുത്തു. എന്നാൽ K M C H ൽ നിന്നും 12.10.18 ൽ 33,236/- രൂപയുടെ ഇൻസുലിൻ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,16,763/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലായെന്ന് പാലിയേറ്റീവ് കെയർ നേഴ്സ് വിശദീകരിച്ചു. നിർദ്ദനരും നിരാലംബരുമായ രോഗികൾക്ക് കൊടുക്കുന്നതിനുള്ള മരുന്നുകൾ നാളിതുവരെ K M C H ൽ നിന്നും ലഭ്യമാകാത്തത് നിർവഹണ ഉദ്യോഗസ്ഥനെയും ആരോഗ്യ വിദ്യാഭ്യാസകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും വീഴ്ചയാണ്. K M C H ൽ നിന്നും ബാക്കി ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കുന്നതുവരെ 116764/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-14 അംഗീകാരമില്ലാത്ത യാത്രാചെലവ് 19500 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | : എസ്റ്റാബ്ലിഷ്മെൻറ്ചെലവ് |
| പദ്ധതിനമ്പർ | : SO 64/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ആഫീസർ |
| അടങ്കൽ തുക | : തനത് ഫണ്ട് : 700000 |
| ചെലവ് | : 66556 |
| ചെക്ക് നമ്പർ | : 5032515 തീയതി : 10-10-17തുക50000 |
| | : 6415469 തീയതി : 06-12-17 തുക 250000 |
| | : 6415475 തീയതി : 05-02-18 തുക 50000 |
| | : 9665984 തീയതി : 01-03-18 തുക 50000 |
| | : 7339582 തീയതി : 16-03-18 തുക265561 |
| ആകെ | 665561 |

പഞ്ചായത്തിൻറെ കീഴിലുള്ള സി.എച്ച്.സി.കളുടെയും പി. എച്ച്. സി സബ് സെൻററുകളുടേയും ദൈനംദിന ചെലവുകൾക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ടിയാണ് നടപ്പിലാക്കിയത്. ഇതിൽ മെഡിക്കൽ ആഫീസർ 2017- ൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ പഞ്ചായത്ത് പരിധിയിലെ പി. എച്ച്. സി സബ് സെൻററുകളിൽ പോകുന്നതിനായി KLO1-AK 3977 നമ്പർ വാഹനത്തിന് വാടകയിനത്തിൽ 19500 രൂപ ചെലവഴിച്ചു. ആയതിനെ സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 10/18 ന് ഉള്ള മറുപടിയിൽ ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് സബ് സെൻററുകളിൽ പോയതെന്ന് അറിയിച്ചു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് റ്റി. എ. ഇനത്തിൽ ഉള്ള ചെലവുകൾ സാധൂകരിച്ച് നൽകിയ സർക്കാർ ഉത്തരവോ പഞ്ചായത് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

ഡെങ്കിപ്പനി പ്രധിരോധ പ്രവർത്തങ്ങൾക്ക് ഉള്ള തുക എസ്റ്റാബ്ലിഷ്മെൻറ് ചെലവുകളിൽ നിന്നും ചെലവ് ചെയ്തത് അംഗീകരിക്കാവുന്നതാണ്. കൂടാതെ ഡെങ്കിപ്പനി പ്രധിരോധ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് തലത്തിൽ തുക ചെലവഴിക്കാറുണ്ട്. ഗവ: നിന്നും ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുക ലഭ്യമായിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. KL01 AK 3977 നമ്പർ വാഹനത്തിൻറെ ടിപ്പ് ഷീറ്റിൽ സബ് സെൻററുകളിൽ പോയതായി

രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എൻക്വയറിക്കുള്ള മറുപടിയിൽ (10/18) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തി മേൽനോട്ടം വഹിച്ചുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും മെഡിക്കൽ ആഫീസർ 8Km ചുറ്റളവിനുള്ളിൽ ഉള്ള സെൻററുകളിൽ പോകുന്നതിന് മാത്രമാണ് തുക ചെലവഴിച്ചത് എന്ന് വ്യക്തമാകുന്നു. സബ് സെൻററുകളിൽ പോകുന്നതിന് മെഡിക്കൽ ആഫീസറുടെ ഔദ്യോഗിക ജോലിയുടെ ഭാഗമായതിനാൽ TA ഇനത്തിൽ ചെലവാക്കിയ 19,500/- രൂപ മെഡിക്കൽ ആഫീസറിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 സ്കൂളുകളിലെ പ്രഭാത ഭക്ഷണ വിതരണം - മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിക്കണം.

ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ. തീയതി 29.08.2017 ഉത്തരവിലെ ഖണ്ഡിക 12.12.3 പ്രകാരം സർക്കാർ സ്കൂളുകളിൽ യു.പി.വിഭാഗം (ഏഴാംക്ലാസ്) വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ആവിഷ്കരിക്കാവുന്നതാണ്. അദ്ധ്യാപക-രക്ഷകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന ഈ പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ വിഭവസമാഹരണം നടത്താവുന്നതാണ്. സ്പോൺസർഷിപ്പിലൂടെ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുവാനുള്ള ശ്രമം ഭരണസമിതി തലത്തിലോ, അദ്ധ്യാപക രക്ഷകർതൃ സമിതി മുഖേനയോ നടത്തപ്പെട്ടിട്ടില്ല. ഈ പ്രോജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 4,03,770/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ ഇത്തരം ചെലവുകൾ നിരുത്സാഹപ്പെടുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | | 150000 | ബഡ്സ് സ്കൂൾ പോഷകാഹാരം 22/18 | 103500 | 46500 |
| ജില്ലാപഞ്ചായത്ത് | | 240500 | ബഡ്സ് സ്കൂൾ സ്കോളർഷിപ്പ് 33/18 | 22410 | 218090 |
| ബ്ലോക്ക്പഞ്ചായത്ത് | | 800000 | ബഡ്സ് സ്കൂൾ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ 161/18 | 401363 | 698637 |
| ബ്ലോക്ക്പഞ്ചായത്ത് | | 300000 | പാലിന് സബ്സിഡി (ജനറൽ) | 176105 | 123895 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | | 200000 | പാലിന് സബ്സിഡി (ജനറൽ) | 153483 | 46517 |
| ബ്ലോക്ക്പഞ്ചായത്ത് | | 300000 | പാലിന് സബ്സിഡി (വനിത) | 229604 | 70396 |
| ജില്ലാപഞ്ചായത്ത് | | 300000 | പാലിന് സബ്സിഡി (വനിത) | 177145 | 122855 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | 2869000 | 2599286 | 269714 |
| 2 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 3114210 | 2846510 | 267700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(കൈ) നം.831/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 24273000 | 2343438 | -- | -- | 2343438 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 117434112.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 113226405.00 |
| വരവിനങ്ങളില്ലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56994.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1781080.00 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 25380 | ശ്രീമതി. കുമാരി വിമലാംബികാദേവി പി., സെക്രട്ടറി |
| 3-5 | | 8985 | ശ്രീ. ജയകുമാർ, സെക്രട്ടറി |
| | | 3129 | ശ്രീമതി. കുമാരി വിമലാംബികാദേവി പി., സെക്രട്ടറി |
| 3-14 | | 19500 | ഡോ. ഏവീസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| ആകെ | | 56994 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 971173 | ശ്രീ. ജയകുമാർ, സെക്രട്ടറി |
| 3-8(എ) | 182875 | ശ്രീമതി. സുനി ബി.പി., അസി. സെക്രട്ടറി |
| 3-9(എ) | 240000 | ശ്രീമതി. സുനി ബി.പി., അസി. സെക്രട്ടറി |
| 3-9(ബി) | 104000 | ശ്രീ. അശോക് കുമാർ, അസി. സെക്രട്ടറി |
| | 104000 | ശ്രീ. പ്രേം നിർമൽ, അസി. സെക്രട്ടറി |
| 3-10 | 47200 | ശ്രീ. പ്രേം നിർമൽ, അസി. സെക്രട്ടറി |
| 3-11 | 15068 | ശ്രീ. പ്രേം നിർമൽ, അസി. സെക്രട്ടറി |

| | | |
|---|---|---|
| 3-13 | 116764 | ഡോ. ഏവിസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| 3-14 | 19500 | ഡോ. ഏവിസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| ആകെ | 1781080 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയകുമാർ, സെക്രട്ടറി | | തിരുവോണം, ശാന്തിപുരം, റസ്സൽപുരം പി.ഒ. |
| ശ്രീമതി. കുമാരി വിമലാംബികാദേവി പി., സെക്രട്ടറി | | നീലാംബരി, ഒറ്റശേഖരമംഗലം പി.ഒ. |
| ഡോ. ഏവിസ് ഫിലിപ്പ്, മെഡിക്കൽ ഓഫീസർ | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി./6/എ0/854/99, 31-07-1999 | 4 | - |
| 1998-99 | എൽ.എഫ്.റ്റി.ഡി./6/എ0/932/99, 20-12-2000 | 5 | - |
| 1999-00 | എൽ.എഫ്.റ്റി.ഡി./6/എ0/312/2002, 21-12-2000 | 5 | - |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.4/118/06, 11-12-2006 | 5 | - |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/427/04, 01-12-2006 | 13 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/114/06, 11-12-2006, 09-03-2012 | 3 | - |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1100/07, 18-07-2011 | 6 | - |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി4/1645/08, 15-03-2012 | 8 | - |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1646/08, 16-03-2012 | 3 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/234/2010, 22-12-2011 | 12 | - |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/10, 17-12-2011 | 13 | - |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, 17-07-2012 | 9 | - |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 | - |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014, 12-05-2014 | 12 | - |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 8 | - |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 | - |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 30 | - |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ) /2016, 3-8-16 | 25 | - |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1959/2016, 15-11-16 | 19 | - |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1780/2017 തീയതി 24.8.2017 | 23 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*edited BL*

## <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.